(ഇ) ഉണ്ട്. പവർകട്ട് ഒഴിവാക്കി, ലോഡ്ഷെഡിംഗ് പടിപടിയായി കുറച്ചു കൊണ്ടു വരുന്നു. വൈദ്യുതി രംഗത്തെ ഉപഭോക്താക്കൾ നേരിടുന്ന പ്രശ്നങ്ങളുടെ വേഗത്തിലുള്ള പരിഹാരത്തിനായി അദാലത്തുകൾ സംഘടിപ്പിക്കുന്നുണ്ട്. സാധാരണ ഗാർഹിക കണക്ഷൻ ലഭിക്കാനുള്ള കാലതാമസം കുറച്ചുകൊണ്ടു വരുന്നു. ഉപഭോക്താക്കൾക്കു താരതമ്യേന തൃപ്തികരമായ സ്പോട്ട് ബില്ലിംഗ് സംവിധാനം വ്യാപകമാക്കിക്കൊണ്ടിരിക്കുന്നു.

(എഫ്) ഗവൺമെന്റിന്റെ ഊർജ്ജനയത്തിനനുസൃതമായി, വൈദ്യുതബോർഡിനെ പൊതുമേഖലയിൽ തന്നെ നിലനിർത്തിക്കൊണ്ട്, ഉൽപാദനം, പ്രസരണം, വിതരണം എന്നീ ലാഭകേന്ദ്രങ്ങളും കോർപ്പറേറ്റ് ഓഫീസുമായി പുനഃസംഘടന നടത്തുന്നതിനുള്ള ഗവൺമെന്റിന്റേയും ബോർഡിന്റെയും ഉത്തരവ് യഥാക്രമം 27-4-2000-നും 29-4-2000 നും പുറപ്പെടുവിച്ചിട്ടുണ്ട്.

പുനഃസംഘടന സംബന്ധിച്ച നടപടികളെക്കുറിച്ച് പഠനങ്ങൾ നടത്തുവാൻ നിയോഗിക്കപ്പെട്ട കർമ്മസമിതികളുടെ റിപ്പോർട്ട് അപ്പക്സ് കമ്മറ്റിയുടെ ഉപരിവീക്ഷണത്തിനു ശേഷം അംഗീകരിച്ചിട്ടുള്ളവ ബോർഡ് തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച വിശദമായ റിപ്പോർട്ടുകൾ വിവിധ ഘട്ടങ്ങളിലായി തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്.

പ്രോഫിറ്റ് സെന്ററുകളിൽ നിന്നും കൈമാറ്റം ചെയ്യപ്പെടുന്ന ഊർജ്ജത്തിന്റെ കണക്കുകൾ തയ്യാറാക്കുന്നതു സംബന്ധിച്ച് മാർഗ്ഗരേഖകൾ 8-6-2000-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 15-6-2000 മുതലാണ് ഈ കണക്കുകൾ ഏർപ്പെടുത്തിയിരിക്കുന്നത്. കൂടാതെ ഡിസ്ട്രിബ്യൂഷൻ മേഖലയിൽ റൂറൽ, സെമി-അർബൻ, അർബൻ എന്നീ അടിസ്ഥാനത്തിൽ ബാലുശ്ശേരി, പെരുമ്പാവൂർ, കൊല്ലം എന്നീ ഡിവിഷനുകളിൽ പൈലറ്റ് പദ്ധതിക്കായി കർമ്മ സമിതികളുടെ പരിഷ്ക്കാര നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിനുവേണ്ട പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ ഡിവിഷനുകൾ എല്ലാം തന്നെ സ്പോട്ട് ബില്ലിംഗ് നടപ്പാക്കാനും തുടങ്ങിയിട്ടുണ്ട്.

ഗ്രാമ പഞ്ചായത്തുകളിൽ ചെറുകിട ശുദ്ധജലവിതരണ പദ്ധതികൾ നടപ്പാക്കാൻ ലോക ബാങ്ക് അംഗീകാരം

27 (*207) ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. പാലോട് രവി :
ശ്രീ. കെ. മുഹമ്മദാലി :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ :
ശ്രീ. പി. ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമപഞ്ചായത്തുകളിൽ ചെറുകിട ശുദ്ധജലവിതരണ പദ്ധതികൾ നടപ്പാക്കാൻ ലോകബാങ്ക് അംഗീകാരം നൽകിയിട്ടുണ്ടോ ;

(ബി) ഈ പദ്ധതിയുടെ മൊത്തം ചെലവ് എത്രയാണ് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ലോകബാങ്കിൽ നിന്നും എന്തു സഹായം ലഭിക്കും ;

(ഡി) ഏതൊക്കെ ജില്ലകളെയാണ് ഈ പദ്ധതിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത് ;

(ഇ) ഓരോ ജില്ലയ്ക്കും എന്ത് തുക വീതമാണ് അനുവദിക്കുന്നത് ;

(എഫ്) ഈ പദ്ധതി എപ്പോൾ നിലവിൽ വരുമെന്ന് വ്യക്തമാക്കാമോ ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) :

(എ) ഇല്ല. പദ്ധതിയുടെ അംഗീകാരം സംബന്ധിച്ച് അവസാനഘട്ട ചർച്ചകൾ നടന്നുവരികയാണ്. താമസിയാതെ പദ്ധതിക്ക് അംഗീകാരം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) പദ്ധതിയുടെ മൊത്തം ചെലവ് 80 മില്ല്യൻ അമേരിക്കൻ ഡോളറായിരിക്കും എന്ന് കണക്കാക്കപ്പെടുന്നു.

(സി) 60 മില്ല്യൻ അമേരിക്കൻ ഡോളറായിരിക്കും എന്ന് കണക്കാക്കപ്പെടുന്നു.

(ഡി) തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട് എന്നീ ജില്ലകൾ.

(ഇ) ജില്ല തിരിച്ച് എന്തു തുക നൽകണമെന്ന് തീരുമാനിച്ചിട്ടില്ല. ഇക്കാര്യം പരിഗണനയിലാണ്.

(എഫ്) ജനുവരി 2001

"പ്രകാശ കേരളം - പ്രശാന്ത കേരളം" പദ്ധതി

28 (*208) ശ്രീ. എ. കണാരൻ :
ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. ജി. സുധാകരൻ :
ശ്രീ. എ. അലിഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് "പ്രകാശ കേരളം - പ്രശാന്ത കേരളം" പദ്ധതിയുടെ നടത്തിപ്പ് ഏത് ഘട്ടത്തിൽ എന്ന് വെളിപ്പെടുത്തുമോ ;

(ബി) "പ്രകാശ കേരളം - പ്രശാന്ത കേരളം" പദ്ധതി പ്രകാരം സംസ്ഥാനത്തെ പാവപ്പെട്ടവർക്ക് സൗജന്യ വൈദ്യുതി കണക്ഷൻ നൽകാൻ എന്തെങ്കിലും തീരുമാനം കൈക്കൊണ്ടുവോ ;

(സി) ഈ പദ്ധതി പ്രകാരം ഉപഭോക്താക്കൾ എന്തൊക്കെ ചെലവുകളാണ് വഹിക്കേണ്ടി വരുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) സൗജന്യ വൈദ്യുതി കണക്ഷൻ നൽകുന്ന പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചുവോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly